**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (RPIS) – മൂന്നാം ഘട്ടം നടപ്പിലാക്കി കൊണ്ടും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും-ഉത്തരവാകുന്നു.

---

ധനകാര്യ (പ്ലാനിംഗ്-എ) വകുപ്പ്

സ.ഉ (പി) നം.90/2017/ധന. തിരുവനന്തപുരം, തീയതി 14/07/2017

---

പരാമർശം : 1) 03-07-2015 തീയതിയിലെ സ.ഉ (പി)നം 269/2015/ധന നമ്പർ സർക്കാർ ഉത്തരവ്.
2) 23-06-2017 തീയതിയിലെ റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/1/2016-17/RPD നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ റബർ കർഷകർക്ക് ന്യായവില ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി പരാമർശം1 ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' (RPIS) നടപ്പിലാക്കി വരുന്നു. 01-07-2015 ന് ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടം 30-06-2017 ന് അവസാനിച്ചിരുന്നു. ഈ പദ്ധതിയുടെ മൂന്നാം ഘട്ടം 01-07-2017 മുതൽ ആരംഭിയ്ക്കാവുന്നതാണെന്നും പ്രസ്തുത പദ്ധതിയിൻ കീഴിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത റബർ കർഷകർക്ക് രജിസ്റ്റർ ചെയ്യാൻ അവസരം നൽകേണ്ടതാണെന്നും പരാമർശം 2 ലെ കത്തു പ്രകാരം റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം 1 പ്രകാരം നടപ്പിലാക്കിയ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ 01-07-2017 മുതൽ 30-06-2018 വരെയുള്ള മൂന്നാം ഘട്ടം നടപ്പിലാക്കുന്നതിനും പ്രസ്തുത സ്കീമിന്റെ മൂന്നാം ഘട്ട നടത്തിപ്പിലേയ്ക്കായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും ഉത്തരവാകുന്നു :-

i. നിലവിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത റബ്ബർ കർഷകർക്ക് 15-07-2017 മുതൽ 31-08-2017 വരെ ഈ പദ്ധതിയ്ക്കു കീഴിൽ രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടായിരിക്കുന്നതാണ്.

ii. പുതിയ രജിസ്ട്രേഷനായി ആധാർ കാർഡ്, ഇലക്ഷൻ ID കാർഡ്, പാൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് ഇവയിലേതെങ്കിലുമൊന്ന് തിരിച്ചറിയൽ രേഖയായി സമർപ്പിക്കേണ്ടതാണ്.

iii. ഈ പദ്ധതിയിൻ കീഴിൽ ഒരിക്കൽ രജിസ്റ്റർ ചെയ്ത കർഷകർ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല.

iv. മൂന്നാം ഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ 01-07-2017 തീയതി മുതലുള്ള പർച്ചേസ്/സെയിൽസ് ഇൻവോയിസുകൾ മാത്രമേ സബ്സിഡിയ്ക്കായി പരിഗണിക്കുകയുള്ളൂ.

v. നിലവിലുള്ള മറ്റു മാർഗ്ഗ നിർദ്ദേശങ്ങളെല്ലാം മൂന്നാം ഘട്ടത്തിനും ബാധകമായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മിൻഹാജ് ആലം ഐ.എ.എസ്.**
**സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)**

To:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, റബ്ബർ ബോർഡ്, കോട്ടയം
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ